(ബി) സ്കൂളുകളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചമാക്കാൻ പി.ടി.എ. കമ്മിറ്റികൾ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഏറ്റെടുക്കുന്നത് ?

ഉത്തരം

(എ) എല്ലാ തലങ്ങളിലുള്ള സ്കൂളിലും പി.ടി.എ. കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണം, കുടിവെള്ളം, ഏർപ്പെടുത്തൽ, അടിയന്തിര പ്രാധാന്യമുള്ളതും ചെറുതുമായ മരാമത്ത് പണികൾ, വാഹന സൗകര്യം ഏർപ്പെടുത്തൽ, കെട്ടിടം നിർമ്മിച്ചു കൊടുക്കൽ തുടങ്ങിയ പ്രവർത്തനങ്ങളാണ് പി.ടി.എ. കമ്മിറ്റികൾ ഏറ്റെടുത്ത് നടത്തുന്നത്.

ഗവേഷണവും പഠനങ്ങളും നടത്തുന്നതിനും ഭരണപരമായ കാര്യങ്ങൾക്കുമായുള്ള സ്വയംഭരണ സ്ഥാപനങ്ങൾ

160 (2880) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഗവേഷണവും പഠനങ്ങളും നടത്തുന്നതിനും ഭരണപരമായ കാര്യങ്ങളുമായി എത്ര സ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനങ്ങൾ എന്തൊക്കെ ആണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ഏകോപ്പിക്കുന്നതിനും വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഓരോ സ്ഥാപനങ്ങളിലേയും തസ്തികകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) സ്ഥിരം തസ്തികകൾ ഏതെല്ലാം ; താൽക്കാലികാടിസ്ഥാനത്തിലും ദിവസ-വേതന അടിസ്ഥാനത്തിലും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ ; ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സ്ഥാപനങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങളെ സാക്ഷാത്ക്കരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗവേഷണവും പഠനങ്ങളും നടത്തുന്നതിനുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമാണ് എസ്.സി.ഇ.ആർ.ടി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പൂജപ്പുരയിൽ പ്രവർത്തിക്കുന്ന സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി. (എസ്.സി.ഇ.ആർ.ടി.).

(സി) എസ്.സി.ഇ.ആർ.ടി.-യുടെ പ്രവർത്തനങ്ങൾ.

പ്രീ-പ്രൈമറി മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള പാഠ്യപദ്ധതി പരിഷ്ക്കരണം, പാഠപുസ്തക നിർമ്മാണം, മറ്റ് പഠനാനുബന്ധ വസ്തുക്കളുടെ നിർമ്മാണം, പ്രൈമറി അദ്ധ്യാപക വിദ്യാഭ്യാസത്തിലെ പാഠ്യപദ്ധതി പരിഷ്ക്കരണം തുടങ്ങിയവ. പ്രീ-പ്രൈമറി മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള അദ്ധ്യാപക പരിശീലനത്തിനാവശ്യമായ റിസോഴ്സ് അദ്ധ്യാപകർക്ക് പരിശീലനം നൽകുക, അദ്ധ്യാപക പരിശീലന മോഡ്യൂൾ തയ്യാറാക്കുക തുടങ്ങിയവ. പൊതുവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഗവേഷണങ്ങൾക്കും പഠനങ്ങൾക്കും നേതൃത്വം നൽകുക, പഠനങ്ങൾ നടത്തി ഡിപ്പാർട്ടുമെന്റിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുക എന്നിവയാണ് എസ്.സി.ഇ.ആർ.ടി.-യുടെ പ്രധാന പ്രവർത്തനങ്ങൾ.

(ഡി) പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വേണ്ടി എസ്.സി.ഇ.ആർ.ടി.-യുടെ ഗവേണിംഗ് ബോഡിയും ജനറൽ ബോഡിയും പുനഃസംഘടിപ്പിച്ചു. ഈ സമിതികൾ എസ്.സി.ഇ.ആർ.ടി.-യുടെ അക്കാദമിക് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിവരുകയും ചെയ്യുന്നു.

(ഇ) എസ്.സി.ഇ.ആർ.ടി.-യിൽ നിലവിലുള്ള സ്ഥിരം തസ്തികകൾ ചുവടെ കൊടുക്കുന്നു.

അക്കാദമിക് തസ്തികകൾ

ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, അസോസിയേറ്റ് പ്രൊഫസർ, അസി-സ്റ്റന്റ് പ്രൊഫസർ, ലക്ചറർ, റിസോഴ്സ് ഓഫീസർ എന്നീ തസ്തികകളാണ് നിലവിലുള്ളത്.

മിനിസ്റ്റീരിയൽ തസ്തികകൾ

ഫൈനാൻസ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ, സൂപ്രണ്ടുമാർ, ക്ലാർക്കുകൾ, ടൈപ്പിസ്റ്റുകൾ, ക്ലാസ് ഫോർ ജീവനക്കാർ.

(എഫ്) 'ഇ' ചോദ്യത്തിനുള്ള മറുപടിയിൽ പറഞ്ഞിരിക്കുന്ന തസ്തികകളെല്ലാം സ്ഥിരം തസ്തികകളാണ്.

കരാർ ജീവനക്കാർ	-	10
ദിവസക്കൂലി ജീവനക്കാർ	-	18

സ്ഥാപനങ്ങളുടെ ഉദ്ദേശ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഭരണ സമിതികളുടെ നിർദ്ദേശാനുസരണം നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly